(ബി) മത്സ്യത്തൊഴിലാളികളുടെ ഏതെല്ലാം കടങ്ങളാണ് ഇനിയും എഴുതി തള്ളാൻ ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹകരണത്തോടെ നടപ്പാക്കുവാനുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത മത്സ്യഫെഡ് മുഖേനയും സഹകരണ വകുപ്പുമുഖേനയും ഉള്ള മത്സ്യത്തൊഴിലാളികളുടെ കടങ്ങളാണ് എഴുതി തള്ളിയത്. മത്സ്യഫെഡ്, സഹകരണ വകുപ്പ് മുഖേന കടമെടുത്ത 38,522 പേർക്ക് 113,93,63,816 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സഹകരണ വകുപ്പ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട IV,V,VI,VII എന്നീ ലിസ്റ്റ് പ്രകാരമുള്ള കടങ്ങളും, ദേശസാത്കൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളും എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങളാണ് ഇനി പരിഗണിക്കാനുള്ളത്.

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചമാസക്കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തുക വിതരണം ചെയ്തുവരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു.

മിഷൻ 676-ലെ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

135 (140) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി ക്ഷേമത്തിനും കടാശ്വാസത്തിനും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ :

(സി) പദ്ധതികളെ സംബന്ധിച്ചിട്ടുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) മിഷൻ 676-ൽ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കടാശ്വാസം ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഇതിനായി താഴെപ്പറയുന്ന പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് :

1. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന ആം ആദ്മി ബീമ യോജന പദ്ധതി
2. പ്രസവാനന്തര ചെലവിനായി അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖാന്തരം നൽകുന്ന ധനസഹായം, മത്സ്യത്തൊഴിലാളി സ്ത്രീകൾക്കു കൂടി ലഭ്യമാക്കുന്ന പദ്ധതി
3. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന വിവിധ ധനസഹായങ്ങളുടെ നിരക്കുകളുടെ വർദ്ധന
4. നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം.
5. മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം.
6. സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം.
7. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗ് നൽകുന്ന 'വിദ്യാതീരം' എന്ന പദ്ധതി

(സി) ആം ആദ്മി ബീമ യോജന പദ്ധതി, പ്രസവാനന്തര ചെലവിനായുള്ള പദ്ധതി, വിവിധ ധനസഹായങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ മത്സ്യത്തൊഴിലാളി ക്ഷേനിധി ബോർഡ് വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുള്ള പ്രസവാനുകൂല്യമായി 14,000 രൂപ നൽകുന്ന പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. മത്സ്യബോർഡ് നടപ്പിലാക്കുന്ന ധനസഹായം പദ്ധതികളുടെ നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നതിന് 15 കോടി രൂപ അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. 9 തീരദേശ ജില്ലകളിലും മണ്ണെണ്ണ ബാങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി കോളനി നവീകരണം :

മത്സ്യത്തൊഴിലാളി കോളനി നവീകരണത്തിന്റെ ഭാഗമായി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 14 മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 5 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും, ആയതിൽ 2.33 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കിയിട്ടുമുണ്ട്. മത്സ്യത്തൊഴിലാളി കോളനി നവീകരണത്തിന്റെ ഭാഗമായി 562 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതിയതായി വീട് പണിയിക്കാൻ 2 ലക്ഷം രൂപ വീതവും 904 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് 50,000 രൂപ വീതവും ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം :

സബ്സിഡി നിരക്കിൽ ഡിസൽ എഞ്ചിൻ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് മുഖേന സ്വീകരിച്ചു വരികയാണ്. സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് യൂണിറ്റോന്നിന് പരമാവധി ഒരു ലക്ഷം രൂപ സബ്സിഡി അനുവദിച്ച് നൽകിക്കൊണ്ട് 100 യാൻമാർ ഡീസൽ എഞ്ചിൻ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്.

വിദ്യാതീരം പദ്ധതി :

തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ തെരഞ്ഞെടുത്ത വിദ്യർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ സൗജന്യ പരിശീലനം നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന വിദ്യാതീരം പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) ആം ആദ്മി ബീമ യോജന :

മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള ആം ആദ്മി ബീമ യോജന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം പദ്ധതി :

അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുല്യമായി 14,000 രൂപ നൽകുന്ന പദ്ധതി നിലവിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ്. ടി പദ്ധതി മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കും ബാധകമാക്കുന്ന വിഷയം പരിഗണനയിലാണ്.

മത്സ്യബോർഡ് നടപ്പിലാക്കുന്ന ധനസഹായ പദ്ധതികളുടെ നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിക്കുക

താഴെപ്പറയുന്ന ധനസഹായ പദ്ധതികളുടെ നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട് :

1. പെൺകുട്ടികളുടെ വിവാഹധനസഹായം നിലവിലുള്ള 1500 രൂപയിൽ നിന്നും10,000 രൂപയായി വർദ്ധിപ്പിച്ചു.
2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാലുള്ള മരണത്തിനുള്ള ധനസഹായം നിലവിലുള്ള 20,000 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചു.
3. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളിയുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം നിലവിലുള്ള നിരക്കായ 5,000 രൂപയിൽ നിന്ന് 15,000 രൂപയായി വർദ്ധിപ്പി ച്ചു.

നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുക :

ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി കോളനികൾ നവീകരിക്കുക:

പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്.

സബ്സിഡി നിരത്തിൽ ഡീസൽ എഞ്ചിൻ വിതരണം ചെയ്യുക :

സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട്, പദ്ധതി നടപ്പിലാക്കാനുള്ള സബ്സിഡി തുകയായ ഒരു കോടി രൂപ സർക്കാർ മത്സ്യഫെഡ് അനുവദിച്ച് നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എൻട്രൻസ് പരിശീലനം നൽകുക

വിദ്യാതീരം പദ്ധതിക്കായുള്ള ഫണ്ട് 2405-00-800-92-12(NP) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

രാജ്യാന്തര വിമാനത്താവള ഹബിൽ ഉൾപ്പെടുന്ന എയർപോർട്ടുകൾ

136 (141) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ് വിമാനത്താവളങ്ങൾ മാത്രം അടങ്ങുന്ന രാജ്യാന്തര വിമാനത്താവള ഹബിൽ സംസ്ഥാനത്തുനിന്നും ഏതെല്ലാം എയർപോർട്ടുകളെ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്;

(ബി) ഇത് സംബന്ധമായി പ്രധാനമന്ത്രിക്കും വ്യോമയാനമന്ത്രാലയത്തിനും മുഖ്യമന്ത്രി നൽകിയ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിനെ International Hub Category-യിൽ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്.

(ബി) വ്യോമയാന മന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടില്ല.

കണ്ണൂർ വിമാനത്താവള നിർമ്മാണം

137 (142) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണ പദ്ധതിയുടെ ഏതെല്ലാം പ്രവൃത്തികളാണ് ഇതിനോടകം ടെൻഡർ ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾ ഏതെല്ലാം നിർമ്മാണ കമ്പനികൾ ഏറ്റെടുത്തുവെന്നും എപ്പോൾ എഗ്രിമെന്റ് ഒപ്പ് വച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ പ്രവൃത്തികളും എന്ന് ആരംഭിച്ചുവെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly